# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398 — 25.06.2019-ൽ മറുപടിക്ക്

## മത്സ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിരവികസനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ<br>,, എസ്.ശർമ്മ<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മറ്റ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ മത്സ്യസമ്പത്തിൽ മുക്കാൽ പങ്കം കടൽ മത്സ്യമായതിനാൽ കാലാവസ്ഥ വ്യതിയാനത്തോടൊപ്പം മത്സ്യബന്ധന രംഗത്തെ അശാസ്ത്രീയരീതികളും കടൽമത്സ്യശോഷണത്തിനിടയാക്കുന്നത് പരിഹരിക്കാനായി സ്വീകരിച്ചവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യസംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യകുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.<br>2) അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act ൽ വേ ണ്ട ഭേദഗതികൾ വരുത്തുകയും പു തിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.<br>3) അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും കെ.എം.എഫ്.ആർ നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തു വരുന്നു.<br>4) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.<br>5) പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.<br>6) തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച് പി വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.<br>7) ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.<br>8) പേഴ്സിൻ, പെലാജിക് ട്രോൾ/മിഡ്, വാട്ടർട്രോൾ, ബുൾട്രോൾ (പെയർട്രോൾ) |

| | | | |
|---|---|---|---|
| | | | എന്നിവ പൂർണ്ണമായും നിരോധിച്ചു.<br>9) വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.<br>10) കടൽ പട്രോളിംഗ് ശക്തമാക്കി.<br>11) ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10-ജൂലൈ 31 വരെ)<br>12) ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മത്സ്യസമ്പത്തിന്റെ സംരക്ഷണവും മത്സ്യോത്പാദന രംഗത്ത് സുസ്ഥിരവികസനവും സാധ്യമാക്കുന്നതിന് മത്സ്യത്തൊഴിലാളികളും ശാസ്ത്രജ്ഞരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാതല മാനേജ്മെന്റ് കൗൺസിലുകളും, ഫിഷിംഗ് വില്ലേജ് തല കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. |
| (സി) | നീലവിപ്ലവ പരിപാടിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; സംസ്ഥാനത്തിന് അർഹമായ വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നീലവിപ്ലവ പദ്ധതി 2016-17**

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റുകൾ | അടങ്കൽ തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കടൽ കൂട് കൃഷി | 160 | 800 | 400 |
| 2 | ഭവന നിർമ്മാണ പദ്ധതി | 167 | 334.00 | 103.26 |
| 3 | പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം | 15 ഹെക്ടർ | 105 | 21.42 |
| 4 | കായലിലെ കൂടു മത്സ്യകൃഷി | 200 യൂണിറ്റ് | 700 | 142.79 |
| 5 | കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം | 80 ഹെക്ടർ | 280 | 57.11 |
| 6 | മത്സ്യകർഷക പ രിശീലനം | 8 എണ്ണം | 17.6 | 3.5902 |
| 7 | കടലിലെ കൂടുകൃഷി (യൂണിറ്റ് ഒന്നിൽ 100 ഘന മീറ്റർ വ്യാപ്തമുള്ള 10 കൂടുകൾ) | 16 യൂണിറ്റുകൾ | 1398 | 285.17 |
| **ആകെ** | | | **3634.60** | **1013.3402** |

**നീലവിപ്ലവ പദ്ധതി 2017-18 :**

| ക്രമ ന മ്പർ | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | അടങ്കൽ തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം (ലക്ഷത്തി ൽ) |
|---|---|---|---|---|
| 1 | ഭവന നിർമ്മാണ പദ്ധതി | 132 | 264.00 | 95.04 |
| 2 | കല്ലുമ്മേയ്ക്കായ കൃഷി | 2000 യൂണിറ്റ് | 309 | 82.69 |
| 3 | ഓരുജലങ്ങളിലെ കൂടുകൃഷി | 80 യൂണിറ്റ് | 247.20 | 66.00 |
| 4 | പുന:പര്യയന മത്സ്യകൃഷി (ആർ.എ.എസ്) | 100 യൂണിറ്റ് | 618 | 165.38 |
| 5 | മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പ ുനരുദ്ധരിക്കൽ | 80 ഹെക്ടർ | 412 | 110 00 |
| 6 | പുനരുദ്ധരിച്ച വാട്ടർ ലോഗ് പ്രദേശത്ത് മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 123.6 | 33.00 |
| 7 | നവീകരിച്ചുള്ള കുളങ്ങളിലെ ചെമ്മീൻകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 247.2 | 66.00 |

| | | | | |
|---|---|---|---|---|
| 8 | ചെമ്മീൻകൃഷിക്കുള്ള കുളം നവീകരണം | 80 ഹെക്ടർ | 288.4 | 77.00 |
| 9 | കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി | 40 ഹെക്ടർ | 515.0 | 49.44 |
| 10 | കുളം നവീകരിച്ചുകൊണ്ടുള്ള ആസ്സാം വാള കൃഷി | 30 ഹെക്ടർ | 494.0 | 37.09 |
| **ആകെ** | | | **3518.4** | **781.64** |

**നീലവിപ്ലവ പദ്ധതി 2018-19**

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | അടങ്കൽ തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | FRP ഉൾപ്പെടെയുള്ള മത്സ്യബന്ധന യൂണിറ്റുകൾ | 200 | 400 | 96 |
| 2 | കടൽ സുരക്ഷ പദ്ധതി | 200 | 400 | 96 |
| 3 | 120 എഫ്.ആർ.പി ബോട്ടുകൾ | 120 | 988.80 | 194.40 |
| 4 | കൂടു മത്സ്യകൃഷി | 100 യൂണിറ്റ് | 309.00 | 74.16 |
| 5 | കല്ലുമ്മേക്കായ കൃഷി | 1000 യൂണിറ്റ് | 154.50 | 37.08 |
| 6 | റീസർക്കുലേറ്ററി അക്വാപോണിക്ക് കൾച്ചർ | 125 യൂണിറ്റ് | 772.50 | 185.40 |
| 7 | വെള്ളക്കെട്ടിലെ മത്സ്യകൃഷി | 80 ഹെക്ടർ | 535.60 | 128.544 |
| ആകെ | | | 3560.4 | 811.584 |

**നീലവിപ്ലവ പദ്ധതി 2019-20**

| ക്രമ നം. | മത്സ്യ കൃഷി രീതി | യൂണിറ്റ്/ ഹെക്ടർ | അടങ്കൽ തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഒരു ജല കൂടു മത്സ്യകൃഷി | 500 യൂണിറ്റ് | 1545.00 | 270.8 |
| 2 | കല്ലുമക്കായ കൃഷി | 400 യൂണിറ്റ് | 61.80 | 14.832 |
| 3 | റീസർക്കുലേറ്ററി അക്വാകൾച്ചർ | 200 യൂണിറ്റ് | 1236.00 | 296.64 |
| 4 | നവീകരിച്ച കുളത്തിലെ ചെമ്മീൻ കൃഷി | 100 ഹെക്ടർ | 669.50 | 160.68 |
| 5 | കുളങ്ങളുടെ പുനരുദ്ധാരണം കാർപ്പ് കൃഷി | 200 ഹെക്ടർ | 1030.00 | 247.20 |

| | | | | |
|---|---|---|---|---|
| 6 | ശുദ്ധജല കൂടു മത്സ്യകൃഷി | 100 യൂണിറ്റ് | 309.00 | 74.16 |
| ആകെ | | | 4851.2 | 1164.312 |

ഇവ കൂടാതെ നടപ്പ് സാമ്പത്തിക വർഷം ബ്ലൂറവല്യൂഷൻ പദ്ധതി പ്രകാരം ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിന് 100 ബോട്ടുകൾക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**